ശബരിമല വാർത്താക്കുറിപ്പ്

17.01.2025

മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം

## മകരവിളക്ക് ഉത്സവം: ദർശനം ജനുവരി 19 വരെ

ശബരിമല മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായുള്ള ദർശനം ജനുവരി 19 രാത്രി അവസാനിക്കും. അന്ന് വൈകുന്നേരം 6 മണി വരെയാണ് പമ്പയിൽ ഭക്തരെ കടത്തി വിടുന്നത്. സന്നിധാനത്ത് രാത്രി 10 മണി വരെ മാത്രമാണ് ദർശനം. 19ന് അത്താഴ പൂജയ്ക്കു ശേഷം മണിമണ്ഡപത്തിന് മുൻപിൽ നടക്കുന്ന ഗുരുതിയോടെ മകരവിളക്ക് തീർഥാടനം സമാപിക്കും.

ജനുവരി 20ന് പന്തളം രാജപ്രതിനിധിക്ക് മാത്രമാണ് ദർശനം. രാവിലെ 5.30ന് ഗണപതി ഹോമത്തിനു ശേഷം തിരുവാഭരണ മടക്കഘോഷയാത്ര പുറപ്പെടും. രാജപ്രതിനിധിയുടെ ദർശനത്തിന് ശേഷം 6:30ന് മേൽശാന്തി അയ്യപ്പവിഗ്രഹത്തിൽ വിഭൂതിയഭിഷേകം നടത്തി ഹരിവരാസനം ചൊല്ലി നട അടയ്ക്കും.

നെയ്യഭിഷേകം ജനുവരി 18ന് രാവിലെ 10.30 ന് അവസാനിക്കും. തുടർന്ന് പന്തളം രാജപ്രതിനിധിയുടെ സാന്നിധ്യത്തിൽ കളഭാഭിഷേകം നടക്കും. മണിമണ്ഡപത്തിലെ കളമെഴുത്തും വിളക്കെഴുന്നള്ളിപ്പും അന്ന് രാത്രി അവസാനിക്കും.

## അയ്യന് കാണിക്കയായി ശാസ്താംപാട്ട്

സന്നിധാനത്തെ ഭക്തിസാന്ദ്രമാക്കി അയ്യപ്പചരിതങ്ങൾ വർണിച്ചുകൊണ്ടുള്ള ശാസ്താംപാട്ട് ശ്രീ ശാസ്താ ഓഡിറ്റോറിയത്തിൽ നടന്നു. വടക്കാഞ്ചേരി പുന്നമ്പറമ്പ് സുബ്രഹ്മണ്യത്തിന്റെ നേതൃത്വത്തിലുള്ള സംഘമാണ് അയ്യന് കാണിക്കയായി ശാസ്താംപാട്ട് അവതരിപ്പിച്ചത്. മകരവിളക്കിന് ശേഷം എല്ലാവർഷവും ഇവർ സന്നിധാനത്ത് ശാസ്താംപാട്ട് നടത്താറുണ്ട്. സുബ്രഹ്മണ്യത്തിന്റെ ശിഷ്യന്മാരുടെ

നേതൃത്വത്തിൽ നാളെയും ഓഡിറ്റോറിയത്തിൽ ശാസ്താംപാട്ട് നടക്കും.

## മാനവ സൗഹൃദത്തിന്റെ പ്രതീകമായി വാവര് നട

മാനവ സൗഹൃദത്തിന്റെ ഉദാത്തമായ ഉദാഹരണമാണ് തത്വമസി സന്ദേശം അരുളുന്ന ശബരിമല സന്നിധാനവും പതിനെട്ടാം പടിക്ക് താഴെയുള്ള വാവര് സ്വാമിനടയും.
ശബരിമലയിലെത്തുന്ന ഭക്തർ അയ്യപ്പസ്വാമിയെ കാണാൻ പതിനെട്ടാംപടി ചവിട്ടുന്നത് വാവര് സ്വാമിയെ വണങ്ങിയതിന് ശേഷമാണ്. അയ്യപ്പന്റെ ഉറ്റ സ്നേഹിതനും അംഗരക്ഷകനുമായിരുന്ന വാവര് സ്വാമി ശബരിമലയിലെത്തുന്ന അനന്തകോടി അയ്യപ്പന്മാരെ ഇന്നും സംരക്ഷിച്ചു പോരുന്നു എന്നാണ് വിശ്വാസം.

വില്ലാളി വീരനായ അയ്യപ്പനും സിദ്ധനായ വാവര് സ്വാമിയും തമ്മിലുള്ള ചരിത്രപരമായ സൗഹൃദം മതമൈത്രിയുടെയും സാഹോദര്യത്തിന്റെയും പ്രതീകമാണെന്ന് വാവരുനടയിലെ മുഖ്യകർമ്മിയും വാവരുടെ പിൻതലമുറക്കാരനുമായ കെ എസ് നൗഷറുദ്ധീൻ മുസലിയാർ പറഞ്ഞു. സന്നിധാനത്ത് എത്തുന്നവർ അയ്യപ്പനൊപ്പം വാവരുസ്വാമിയേയും ആരാധിക്കുന്നു. ഇരുവരും തമ്മിലുള്ള കൂട്ട് കാലങ്ങൾക്കും പിരിക്കാൻ കഴിയാത്തതാണ്.

കൽക്കണ്ടവും, കുരുമുളകുമാണ് വാവര് നടയിലെ പ്രസാദം. മുഖ്യകർമ്മി പ്രാർത്ഥിച്ച് നൽകുന്ന ഭസ്മവും ചരടുകളും ഏലസ്സുകളും ഇവിടെയുണ്ട്. വാവരുടെ ഉടവാൾ സൂക്ഷിച്ചിരിക്കുന്നതിന് സമീപത്ത് ഇരുന്നാണ് കർമ്മി ഭക്തർക്ക് പ്രസാദം നൽകുന്നത്.

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി വായ്പ്പൂർ വെട്ടപ്ലാക്കൽ കുടുംബത്തിലെ തലമുതിർന്ന അംഗമാണ് വാവരുടെ പ്രതിനിധിയും മുഖകർമ്മിയുമായി വാവര് നടയിലുള്ളത്. വാവര് നടയിൽ കർമ്മാദികൾ ചെയ്യുന്നതിനും നടയുടെ

പരിപാലനത്തിനുമുള്ള അവകാശവും ഇവർക്കാണ് നൽകിയിട്ടുള്ളത്.